LIBRARY ARCHIVES Kerala Legislative Assembly

പാചക വാതക വിതരണം

214(1283) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി വിലയ്ക്ക് വാങ്ങുന്ന ഒരു ഉപഭോക്താവിന് സിലണ്ടർ തുകയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജും ഉൾപ്പെടെ എത്ര തുകയാണ് ചെലവഴിക്കേണ്ടി വരികയെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്യാസ് സിലിണ്ടറിന്റെ ട്രാൻസ്പോർട്ടിംഗ് ചാർജ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാചക വാതകത്തിന്റെ വില പല സ്ഥലങ്ങളിലും വ്യത്യസ്തമായിരിക്കും. DBTL സ്കീം പ്രകാരം നോൺ സബ്സിഡൈസ്ഡ് സിലിണ്ടറിന് തിരുവനന്തപുരത്ത് 596 രൂപയാണ് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക. ഇതിൽനിന്നും സബ്സിഡി തുക ഉപഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമാകുന്നതാണ്.

(ബി) തിരുവനന്തപുരത്ത് DBTL സ്കീം പ്രകാരം സിലിണ്ടറിന് 596 രൂപയാണ് ഈടാക്കുന്നത്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഓരോ ജില്ലയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. പാചക വാതക ഗോഡൗണിൽ നിന്നും 5 കിലോമീറ്റർ വരെ സൗജന്യ വിതരണ മേഖലയ്ക്കാണ്. 5 കിലോമീറ്ററിന് മുകളിലുള്ള സ്ഥലത്ത് പാചക വാതകം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന തുക ട്രാൻസ്പോർട്ടിംഗ് ചാർജ്ജായി ഈടാക്കുന്നു.

(സി) ഓരോ ജില്ലകളിലേയും ഭൗതിക സാഹചര്യങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് അതാത് ജില്ലാ കളക്ടർമാർ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നിശ്ചയിക്കുന്നു.